ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:24.05.2025**

## പ്രധാനവാർത്തകൾ

1. **സംസ്ഥാനത്ത് തെക്ക്-പടിഞ്ഞാറൻ കാലവർഷം എത്തിയതോടെ അതിതീവ്ര മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റെന്നാൾ വരെ ചുവപ്പ് ജാഗ്രത. ജില്ലതല കൺട്രോൾ റൂമുകൾ തുടങ്ങി.**

2. **മഴക്കെടുതി വിലയിരുത്താൻ മന്ത്രിമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് യോഗം ചേരുന്നു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മന്ത്രി കെ രാജൻ.**

3. **ഡെങ്കി പനി, എലിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾക്കെതിരെ ജാഗ്രതാ നിർദേശവുമായി ആരോഗ്യവകുപ്പ്.**

4. **അറബിക്കടലിൽ കേരള തീരത്തിന് സമീപം ചരക്ക് കപ്പൽ അപകടം. കടലിൽ വീണ അപകടകരമായ വസ്തുക്കൾ തീരത്തേക്ക് എത്താൻ സാധ്യതയുള്ളതിനാൽ ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം.**

5. **ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിനെ ശുഭ് മൻ ഗിൽ നയിക്കും.**

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ 1

**മഴ -കേരളം**

സംസ്ഥാനത്ത് തെക്ക്-പടിഞ്ഞാറൻ കാലവർഷം എത്തിയതോടെ വരും ദിവസങ്ങളിൽ അതിതീവ്ര മഴയ്ക്ക് സാധ്യത. ഇന്നും നാളെയും മറ്റന്നാളും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവന്ന ജാഗ്രത പ്രഖ്യാപിച്ചു. മറ്റു ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റെന്നാൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജിലകൾ ഒഴികെ എല്ലാ ജില്ലകളിലും ചുവപ്പ് ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ മദ്റസകൾ, ട്യൂഷൻ സെൻ്ററുകൾ ഉൾപ്പെടെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് മുതൽ ഈ മാസം 28 വരെ മത്സ്യബന്ധനം നിരോധിച്ചു. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നാളെ മുതൽ കേരള തീരത്ത് ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&

**മഴ മുന്നൊരുക്കം**

അതിതീവ്ര മഴ കണക്കിലെടുത്ത് എല്ലാ ജില്ലകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചു. സഹായങ്ങൾക്കായി 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാം. മലയോര മേഖലകളിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും സാധ്യതയുള്ളതിനാൽ ജനങ്ങൾ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറണമെന്ന് അധികൃതർ അറിയിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് സാധ്യതയുള്ളതിനാൽ, ക്യാമ്പുകളിലേക്ക് മാറേണ്ടതാണ്.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ 2

**മഴ - യോഗം**

മഴക്കെടുതി വിലയിരുത്താൻ മന്ത്രിമാരുടെ നേതൃത്വത്തിലുള്ള യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, മുഹമ്മദ് റിയാസ്, എ എ റഹിം എം പി, എംഎൽഎമാർ മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

**കെ രാജൻ (ഇൻട്രോ**

സംസ്ഥാനത്ത് കാലവർഷം സജീവമായ സാഹചര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് മന്ത്രി കെ രാജൻ. ദുരന്ത നിവാരണത്തിന്
തുക  അനുവദിച്ചിട്ടുണ്ട്. ജനങ്ങൾ ജാഗ്രതാ നിർദേശങ്ങളും മുന്നറിയിപ്പുകളും കൃത്യമായി പാലിക്കണമെന്നും മന്ത്രി പറഞ്ഞു.
(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**തിരുവനന്തപുരം-മഴ(ഇ ൻട്രോ)**

തിരുവനന്തപുരത്ത് കനത്ത മഴയിലും കാറ്റിലും വ്യാപക നാശനഷ്ടം. ജില്ലയിൽ ഇന്ന് ഓറഞ്ച് അലേർട്ടാണ്.
വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്........
(വോയിസ്)

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ 3

**മഴ -ആരോഗ്യ വകുപ്പ് -ജാഗ്രതാ നിർദേശം**

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കി പനി, എലിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ആരോഗ്യമന്ത്രി  വീണാ ജോർജ്.
മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ  ആശുപത്രികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ

RNUTVPM

ജനങ്ങൾ ശ്രദ്ധിക്കണമെന്നും രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടണമെന്നും ആരോഗ്യമന്ത്രി നിർദേശം നൽകി.

&&&&&&&&&&&&&&&&&&

**കോഴിക്കോട് (ഇൻട്രോ)**

കോഴിക്കോട് ജില്ലയിൽ ശക്തമായ മഴ തുടരുന്നു. വിവിധ പ്രദേശങ്ങളിൽ മഴയിലും കാറ്റിലും നിരവധി നാശനാഷ്ടങ്ങൾ ഉണ്ടായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു .**

**(വോയിസ്)**

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 4

**കപ്പൽ അപകടം**

PIU TVPM

കൊച്ചി തീരത്തിന് സമീപം ലൈബീരിയൻ പതാക വഹിക്കുന്ന ചരക്ക് കപ്പൽ അപകടത്തിൽപ്പെട്ടു. വിഴിഞ്ഞത്ത് നിന്ന് കൊച്ചിയിലേക്ക് പുറപ്പെട്ട കപ്പലാണ് കൊച്ചി തീരത്തിന് ഏതാണ്ട് 38 നോട്ടിക്കൽ മൈൽ തെക്കു പടിഞ്ഞാറ് വെച്ച് ചരിഞ്ഞത്. കപ്പലിൽ 25 ജീവനക്കാരാണ് ഉള്ളത്. ഇവരിൽ 9 പേർ കടലിലേക്ക് ലൈഫ് ജാക്കറ്റ് ധരിച്ച് ചാടിയതായി പറയപ്പെടുന്നു. ബാക്കി ഉള്ളവരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. രക്ഷാപ്രവർത്തനങ്ങൾക്കായി കോസ്റ്റ്ഗാർഡിന്റെ രണ്ട് കപ്പലുകൾ സംഭവസ്ഥലത്തേക്ക് തിരിച്ചിട്ടുണ്ട്. അതിനിടെ കപ്പലിൽ നിന്ന് കടലിൽ വീണ ചില വസ്തുക്കൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരോ, തീരപ്രദേശത്തുള്ളവരോ കൈകാര്യം ചെയ്യരുതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഇവ ലഭിച്ചാൽ 112 എന്ന നമ്പറിൽ വിളിച്ച് അറിയിക്കണമെന്ന് അധികൃതർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## പ്ലസ്ടു വിദ്യാർഥിനിയെ കൊന്ന കേസ്

പത്തനംതിട്ട കടമ്മനിട്ടയിൽ 2017 ൽ പ്ലസ്ടു വിദ്യാർഥിനിയെ പെട്രോൾ ഒഴിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതി സജിലിനു പത്തനംതിട്ട അഡീഷണൽ ജില്ലാ കോടതി ജീവപര്യന്തം കഠിന തടവ് ശിക്ഷ വിധിച്ചു. രണ്ടു ലക്ഷം രൂപ പിഴയും ചുമത്തി.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

RNU TVPM

## നിതീ ആയോഗ് - പ്രധാനമന്ത്രി

സംസ്ഥാനങ്ങളിലെ ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും എല്ലാ സൗകര്യങ്ങളോടും കൂടി ആഗോള നിലവാരത്തിലേക്ക് വികസിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ നടന്ന നിതീ ആയോഗിൻറെ പത്താമത് ഭരണസമിതി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് പ്രവർത്തിച്ചാൽ ഒരു ലക്ഷ്യവും അസാധ്യമല്ലെന്നും ശ്രീ. മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ബിസിസിഐ

ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിനെ ബിസിസിഐ പ്രഖ്യാപിച്ചു. ശുഭ് മൻ ഗില്ലിനെ ടെസ്റ്റ്

ക്യാപ്റ്റനായും ഋഷഭ് പന്തിനെ വൈസ് ക്യാപ്റ്റനായും നിയമിച്ചു. വിരാട് കോഹ്‌ലിയും രോഹിത് ശർമ്മയും ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചതോടെ ഇന്ത്യയ്ക്ക് ഒരു പുതിയ യുഗം ആരംഭിക്കുമെന്നാണ് പ്രതീക്ഷ.

&&&&&&&&&&&&&&&&&&

## സ്കൂൾ ബസ് ഫിറ്റ്നസ് പരിശോധന ( INTRO)

കൊല്ലം ജില്ലയിൽ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി മോട്ടോർ വാഹനവകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തി. വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....

(വോയിസ്)

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - ഡൽഹി സന്ദർശനം

മുഖ്യമന്ത്രി പിണറായി വിജയൻ അടുത്ത മാസം 3 ന് ഡൽഹിയിലെത്തും. ഡൽഹി സന്ദർശനത്തിനിടെ ദേശീയ പാത നിർമാണത്തിലെ അപാകതയുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തുമെന്നും റിപ്പോർട്ടുകളുണ്ട്. സി പി ഐ എം കേന്ദ്ര കമ്മിറ്റി, പോളിറ്റ് ബ്യൂറോ യോഗങ്ങളിൽ പങ്കെടുക്കാനാണ് പിണറായി വിജയൻ ഡൽഹിയിലേക്ക് പോകുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## വി ഡി സതീശൻ - രാജീവ് ചന്ദ്രശേഖർ

ദേശീയ പാതയിൽ വിള്ളലുകൾ വീണപ്പോൾ റോഡിന് അവകാശവാദമുണ്ടാക്കിയവരെ ആരെയും കാണാനില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. അശാസ്ത്രീയമായ നിർമിതിയാണ് വിള്ളലുകൾക്കു കാരണമെന്നും അദ്ദേഹം പറഞ്ഞു. അതെസമയം, ദേശീയപാത തകർന്ന സംഭവത്തിൽ സംസ്ഥാന സർക്കാരിന് ഒഴിഞ്ഞു

മാറാനാകില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## പാർട്ടൈം കറസ്പോണ്ടൻറ്

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം അപേക്ഷകർ. കൂടുതൽ വിവരങ്ങൾക്ക് https://prasarbharati.gov.in/pbvacancies/ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഈ മാസം 30 ആണ് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി .

&&&&&&&&&&&&&&&&&&&

RNUTVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 122 -ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭിക്കും. തുടർന്ന് മലയാള പരിഭാഷയും ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&&

## മിൽമ സമരം പിൻവലിച്ചു.

സംസ്ഥാനത്തെ മിൽമ സമരം പിൻവലിച്ചു.

മന്ത്രി ജെ. ചിഞ്ചുറാണിയുമായി മിൽമ തൊഴിലാളി യൂണിയൻ ഭാരവാഹികൾ നടത്തിയ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം.പി.മുരളിയെ തത്കാലം എം ഡി പദവിയിൽ നിന്ന് മാറ്റിനിർത്താനും ചർച്ചയിൽ തീരുമാനമായി.

&&&&&&&&&&&&&&&&&&&

## സൈബർ സുരക്ഷ

സൈബർ തട്ടിപ്പുകൾക്കതിരെയുള്ള ബോധവത്കരണ സന്ദേശങ്ങൾ പരമാവധി ജനങ്ങളിലേക്കെത്താൻ മിൽമയുമായി പോലീസിൻറെ സൈബർ വിഭാഗം കൈകോർക്കുന്നു. നാളെ മുതൽ വിതരണം ചെയ്യുന്ന മിൽമ പാൽ കവറുകളിൽ കേരള പോലീസിന്റെ 1930 എന്ന സൈബർ ഹെൽപ്പ് ലൈൻ നമ്പറും സൈബർ സുരക്ഷ സന്ദേശങ്ങളും രേഖപ്പെടുത്തും.

&&&&&&&&&&&&&&&&&&

## ഹയർസെക്കണ്ടറി-ട്രയൽ അലോട്ടമെന്റ്

ഹയർസെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിനായുള്ള ട്രയൽ അലോട്ടമെന്റ് പ്രസിദ്ധീകരിച്ചു. ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് അപേക്ഷകർക്ക് ട്രയൽ ഫലം പരിശോധിക്കാം. ബുധനാഴ്ച വൈകുന്നേരം അഞ്ച് മണിവരെ തിരുത്തലുകൾ വരുത്താം.

&&&&&&&&&&&&&&&&&&

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് ,ഡൽഹി ക്യാപിറ്റൽസിനെ നേരിടും . രാത്രി 7. 30 ന് ജയ്പൂരിലാണ് മത്സരം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNUTVPM